# പ്ലാസ്റ്റിക്കുകൾ - കൂടുതൽ വസ്തുതകൾ

☺ ***അലൂമിനിയത്തിനെയും ഗ്ലാസ്സിനെയും പോലെ, ശേഖരിക്കപ്പെടുന്ന എല്ലായിനം പ്ലാസ്റ്റിക്കുകളും പുനഃചംക്രമണം ചെയ്യാവുന്നവയാണ്***

☹ ഇതു ശരിയല്ല. മിക്കയിനം പ്ലാസ്റ്റിക്കുകളെയും പുനഃചംക്രമണം ചെയ്യാൻ കഴിയില്ല. പല പ്ലാസ്റ്റിക്കുകളിൽ നിന്നും വീണ്ടും ഉല്പന്നങ്ങൾ ഉണ്ടാക്കുമ്പോൾ തരംതാണ രണ്ടാംഘട്ട ഉല്പന്നങ്ങളായിരിക്കും കിട്ടുന്നത്.

പ്ലാസ്റ്റിക്കുകൾ ഉരുക്കിക്കിട്ടുന്ന വസ്തുക്കൾ കൊണ്ട് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനെ പുനഃചംക്രമണം എന്ന് പറയാനാവില്ല. ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക്കുകളെയും മറ്റു വസ്തുക്കളെയും പരിസ്ഥിതിക്കും ആരോഗ്യത്തിനും ഭീഷണിയുണ്ടാക്കാതെ, സുരക്ഷിതമായ രീതികളിൽ പുതിയ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതാണ് യഥാർത്ഥ പുനഃചംക്രമണം. വാസ്തവത്തിൽ, സുരക്ഷിതമായി പുനഃചംക്രമണം ചെയ്യാവുന്ന പ്ലാസ്റ്റിക്കുകൾ വിരളമാണ്.

☺ **പ്ലാസ്റ്റിക്കുകൾ പുനഃചംക്രമണം ചെയ്യുമ്പോൾ മലിനീകരണമുണ്ടാകുന്നില്ല**

☹ തെറ്റ്. ഉല്പാദനസമയത്തും ഉപഭോഗസമയത്തും നിർമ്മാർജ്ജനസമയത്തും മാത്രമല്ല പുനഃചംക്രമണ സമയത്തും രൂക്ഷമായ മലിനീകരണമുണ്ടാകുന്നുണ്ട്.

☺ **പുനഃചംക്രമണത്തിനാണെന്നപേരിൽ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്കുകൾ ഒരിക്കലും മാലിന്യക്കൂമ്പാരങ്ങളിൽ എത്തിപ്പെടുന്നില്ല**

☹ തെറ്റ്. കാരണം, വളരെക്കുറച്ച് പ്ലാസ്റ്റിക്കുകൾ മാത്രമേ ഉപയോഗശേഷം ശേഖരിക്കപ്പെടുന്നുള്ളൂ. ഇതിൽത്തന്നെ, വളരെക്കുറച്ച് ഭാഗം മാത്രമേ ശരിയാംവണ്ണം പുനഃചംക്രമണം ചെയ്യപ്പെടുന്നുള്ളൂ. മാത്രവുമല്ല, പുനഃചംക്രമണം ചെയ്ത് നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങൾ എപ്പോഴെങ്കിലും ചവറ്റുകൂനകളിൽ എത്തിപ്പെടുകയും ചെയ്യുന്നു.

☺ **പെട്രോളിയം ശുദ്ധീകരണപ്രക്രിയയിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങളിൽ നിന്നാണ് പാക്കേജിങ്ങ് റെസിനുകൾ ഉണ്ടാക്കുന്നത്.**

☹ ശരിയല്ല. കൂടുതൽ പാക്കേജിങ്ങ് റെസിനുകളും നിർമ്മിക്കപ്പെടുന്നത് വീടുകളിൽ പാചകത്തിനായി ഉപയോഗിക്കുന്ന അതേ പ്രകൃതിവാതകത്തിൽ നിന്നാണ്. മറ്റു പല ഉപയോഗങ്ങളുമുള്ള, സംരക്ഷിക്കപ്പെടേണ്ട പ്രകൃതിവിഭവങ്ങളിൽ നിന്നുതന്നെയാണ് പ്ലാസ്റ്റിക്കുകൾ നിർമ്മിക്കപ്പെടുന്നത്.

☺ **പ്ലാസ്റ്റിക്ക് പുനഃചംക്രമണത്തിന്റെ പ്രചാരണത്തിനായി വൻതുകകൾ ചെലവഴിക്കുന്നത് പുനഃചംക്രമണം നടത്തുന്നവർ തന്നെയാണ്.**

☹ അല്ല. പ്ലാസ്റ്റിക്ക് വില്പന വർദ്ധിപ്പിക്കുന്നതിനായി പ്ലാസ്റ്റിക്ക് നിർമ്മാതാക്കൾ തന്നെയാണ് ഇതിന് മുൻകൈയ്യെടുക്കുന്നത്. നിർമ്മാണ-നിർമ്മാർജ്ജന ഘട്ടങ്ങളിൽ മാത്രമല്ല, ഉപയോഗ- പുനഃചംക്രമണ അവസരങ്ങളിൽപ്പോലും പ്ലാസ്റ്റിക്കുകൾ സൃഷ്ടിക്കുന്ന വിപത്തുകളെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായിക്കൊണ്ടിരിക്കുന്ന കാലമാണിത്. ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനു വേണ്ടി പ്ലാസ്റ്റിക്കുകളെല്ലാം പുനഃചംക്രമണം ചെയ്യാൻ കഴിയുന്നവയാണെന്ന വാദം പ്ലാസ്റ്റിക്ക് നിർമ്മാതാക്കൾ മുന്നോട്ടുവെക്കുന്നു. പരസ്യത്തിന് വൻതുകകൾ ചെലവാക്കുന്നു.

☺ **പ്ലാസ്റ്റിക്ക് വസ്തുക്കൾ ഉപയോഗിക്കപ്പെടുന്നതിലൂടെ ഊർജ്ജം സംരക്ഷിക്കപ്പെടുന്നു**

☹ തെറ്റ്. പ്രാഥമിക വിഭവങ്ങളിൽ നിന്ന് ഗ്ലാസ്സ്, അലുമിനിയം എന്നീ വസ്തുക്കൾ ഉണ്ടാക്കാനാവശ്യമായ അത്രയും ഊർജ്ജം തന്നെ പ്ലാസ്റ്റിക്ക് വസ്തുക്കൾ ഉണ്ടാക്കാനും ആവശ്യമാണ്. യഥാർത്ഥത്തിൽ ഗ്ലാസ്സ് പുനഃചംക്രമണം ചെയ്യുന്നതിന് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ഊർജ്ജം പ്ലാസ്റ്റിക്ക് നിർമ്മാണത്തിന് ആവശ്യം വരുന്നുണ്ട്. ഉപയോഗശേഷം സാധനങ്ങൾ വലിച്ചെറിയുന്ന ഉപഭോഗസംസ്കാരത്തിൽ ഊർജ്ജം ഒരിക്കലും സംരക്ഷിക്കപ്പെടുകയില്ല.

☺ **പ്ലാസ്റ്റിക്കുകൾ വളരെ സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന വസ്തുക്കളായതിനാൽ അവയുണ്ടാക്കുന്ന ആരോഗ്യ-സാമ്പത്തിക-പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ അവഗണിക്കാവുന്നതാണ്.**

☹ ഇത് ശരിയല്ല. മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം ആരോഗ്യകരമായ ജീവിതം തന്നെയാണ് ഏറ്റവും പ്രധാനമായ സൗകര്യം. അതുകൊണ്ട് വഴക്കം, വിലക്കുറവ്, ഭാരക്കുറവ്, ഭാരം താങ്ങാനുള്ള കഴിവ്, കൂടുതൽ നിറങ്ങൾക്കുള്ള സാധ്യതകൾ എന്നീ ഗുണങ്ങളുമായി തുലനം ചെയ്ത് നമ്മുടെ ചുറ്റുപാടുകളിൽ കുന്നുകൂടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന ഗുരുതരങ്ങളായ ആരോഗ്യപ്രശ്നങ്ങളെ അവഗണിക്കാൻ കഴിയില്ല.

☺ **നമുക്ക് മുന്നിൽ രണ്ടു വഴികൾ മാത്രമാണുള്ളത്. ഒന്നുകിൽ പുനഃചംക്രമണം ചെയ്യുക. അല്ലെങ്കിൽ പാഴാക്കിക്കളയുക.**

☹ തെറ്റ്. ഏറ്റവും നല്ലവഴി പ്ലാസ്റ്റിക്കുകളുടെ ഉപയോഗം കുറയ്ക്കുക എന്നതാണ്.

## പ്ലാസ്റ്റിക്കുകൾ സൃഷ്ടിക്കുന്ന ആരോഗ്യ, സാമ്പത്തിക, പാരിസ്ഥിതിക പ്രശ്നങ്ങൾ

### *ആരോഗ്യപ്രശ്നങ്ങൾ*

പ്ലാസ്റ്റിക്കുകളിൽ അടങ്ങിയിരിക്കുന്ന പോളിമെറുകളും ഘനലോഹങ്ങളും ചില വിഷമയങ്ങളായ രാസവസ്തുക്കളും മനുഷ്യജീവന്റെ നിലനിൽപിനുതന്നെ ഭീഷണിയായിരിക്കുന്നു.

നല്ല വഴക്കവും മൃദുത്വവും കിട്ടുന്നതിനും ആകർഷകങ്ങളായ നിറങ്ങൾക്കുവേണ്ടിയും പ്ലാസ്റ്റിക്കുകളിൽ ചേർക്കപ്പെടുന്ന പല രാസവസ്തുക്കളും ഗുരുതരങ്ങളായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ പോന്നവയാണ്.

*ഉദാഹരണങ്ങൾ*

(1) നിറങ്ങൾക്കുവേണ്ടി പ്ലാസ്റ്റിക്കുകളിൽ ചേർക്കുന്ന ലെഡ്, മെർക്കുറി, കാഡ്മിയം, ക്രോമിയം തുടങ്ങിയ ഘനലോഹങ്ങൾ.

(2) നല്ല വഴക്കവും മൃദുത്വവും കിട്ടാനായി പ്ലാസ്റ്റിക്കുകളിൽ ചേർക്കുന്ന പ്ലാസ്റ്റിസൈസറുകൾ എന്ന വിഭാഗത്തിൽപ്പെടുന്ന DEHP, DINP തുടങ്ങിയ രാസവസ്തുക്കൾ.

ചില രാസവസ്തുക്കൾ പ്ലാസ്റ്റിക്ക് പാക്കേജിങ്ങുകളിൽ നിന്നും ഭക്ഷ്യവസ്തുക്കളിലേയ്ക്കും അതുവഴി നമ്മുടെ ശരീരത്തിലുമെത്തുന്നുണ്ട്. ഈ രാസവസ്തുക്കളുടെ അളവ് അവയുടെ രാസഘടനയെയും പാക്കേജിങ്ങ് വസ്തുവിന്റെ സ്വഭാവത്തെയും ആശ്രയിച്ചിരിക്കുന്നു. ഉദാ: പോളി സ്റ്റൈറീനിൽ നിന്ന് സ്റ്റൈറീൻ, PVC യിൽ നിന്ന് പ്ലാസ്റ്റിസൈസറുകൾ, പോളി എതിലീനിൽ നിന്നും ആന്റിഓക്സിഡെന്റ്സ്, PETൽ നിന്നും അസറ്റാൽഡിഹൈഡ്.

തുറന്ന സ്ഥലങ്ങളിലും ഇൻസിനറേറ്റുകളിലും പ്ലാസ്റ്റിക്ക് കത്തിക്കുമ്പോഴുണ്ടാകുന്ന അത്യന്തം മാരകങ്ങളായ ഡയോക്സിനുകൾ, ഫ്യൂറാനുകൾ, ഘനലോഹങ്ങൾ തുടങ്ങിയവ മനുഷ്യരിൽ മാത്രമല്ല മറ്റു പല ജീവജാലങ്ങളിലും രൂക്ഷമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു.

ഉല്പാദന സമയത്തും ഉപയോഗസമയത്തും നിർമ്മാർജ്ജന സമയത്തും പുനഃചംക്രമണ സമയത്തും ഒക്കെയായി ഏറ്റവുമധികം മലിനീകരണമുണ്ടാക്കുന്ന വസ്തുക്കളാണ് പ്ലാസ്റ്റിക്കുകൾ.

## ***പാരിസ്ഥിതിക, സാമ്പത്തിക പ്രശ്നങ്ങൾ***

പട്ടണങ്ങളിലും നഗരങ്ങളിലും ടൂറിസം കേന്ദ്രങ്ങളിലും മാത്രമല്ല ഗ്രാമങ്ങളിൽപ്പോലും പ്ലാസ്റ്റിക്കുകൾ ഒരു പ്രധാന മലിനീകരണ പ്രശ്നമായിരിക്കുന്നു.

പട്ടണങ്ങളിലെയും നഗരങ്ങളിലെയും ഓടകൾ പ്ലാസ്റ്റിക്കുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇതുകാരണം, ചെറിയ ഒരു മഴ പെയ്താൽപ്പോലും കേരളത്തിലെ മിക്കനഗരങ്ങളിലും വെള്ളപ്പൊക്കമാണ്.

പ്ലാസ്റ്റിക്കുകൾ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തി വെള്ളം കെട്ടിക്കിടക്കുന്നതിനിടയാക്കുന്നു. ഇതുമൂലം കൊതുകുശല്യം വർദ്ധിക്കുന്നു.

പ്ലാസ്റ്റിക്കുകൾ ഭക്ഷണത്തിനൊപ്പം അകത്തുചെന്ന് മരണപ്പെടുന്ന വന്യജീവികളുടെയും (ആന, മാൻ...) കടൽ ജീവികളുടെയും (ഉദാ: മത്സ്യങ്ങൾ, കടലാമകൾ...) എണ്ണം വർദ്ധിച്ചുവരികയാണ്.

നൂറുകണക്കിന് വർഷങ്ങൾ മണ്ണിൽ ജീർണ്ണിക്കാതെ കിടക്കുന്ന പ്ലാസ്റ്റിക്കുകൾ ഭൂമിക്കടിയിലേയ്ക്ക് വെള്ളം ഊർന്നിറങ്ങുന്നത് തടയുന്നു. മണ്ണിരകളുടെയും സൂക്ഷ്മജീവികളുടെയും പ്രവർത്തനം തടസ്സപ്പെടുത്തുന്നു. അങ്ങിനെ മണ്ണിനെ തരിശാക്കുന്നു.

ഉല്പാദനത്തിന് ഭീമമായ രീതിയിൽ ഊർജ്ജം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ ഫോസിൽ വിഭവങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നു.

പട്ടണങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നും ലഭിച്ചിരുന്ന, പച്ചക്കറി മാർക്കറ്റുകളിലെയും ഹോട്ടലുകളിലെയും അറവുശാലകളിലെയും മാലിന്യങ്ങൾ കൃഷിക്കാർ നല്ലൊരു വളമായി ഉപയോഗിച്ചിരുന്നു. വർദ്ധിച്ചതോതിൽ മാലിന്യങ്ങളിൽ പ്ലാസ്റ്റിക്ക് അടങ്ങിയതുകാരണം ഇന്ന് കൃഷിക്കാർ ആരും അതുവാങ്ങുന്നില്ല. അങ്ങിനെ എളുപ്പം ജീർണ്ണിച്ചുപോകുന്ന മാലിന്യങ്ങൾപോലും പാഴാക്കപ്പെടുന്നു.

പ്ലാസ്റ്റിക്കിന്റെ കടന്നുകയറ്റത്തോടുകൂടി ചണം, കയർ, ഈറ്റ, മുള തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലായി. അനേകം തൊഴിൽ സാധ്യതകളുണ്ടായിരുന്ന ഇത്തരം ചെറുകിട വ്യവസായങ്ങളെ ചവുട്ടിമെതിച്ചു കൊണ്ടായിരുന്നു പ്ലാസ്റ്റിക്കിന്റെ വരവ്.

### ***പ്ലാസ്റ്റിക്ക് മലിനീകരണത്തിൽ നിന്ന് രക്ഷ നേടുന്നതിനായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ***

● പ്ലാസ്റ്റിക്കിന് പകരം മറ്റു വസ്തുക്കൾ ഏതൊക്കെ ഉപയോഗിക്കാമെന്ന് കണ്ടുപിടിക്കുക. ● ചെറിയ കുട്ടികൾക്ക് പ്ലാസ്റ്റിക്ക് കളിപ്പാട്ടങ്ങളും പ്ലാസ്റ്റിക്ക് ടീത്തറുകളും കൊടുക്കാതിരിക്കുക. ● എല്ലാ PVC, സ്റ്റൈറോഫോം ഉല്പന്നങ്ങളും ഒഴിവാക്കുക. ● സ്വാഭാവിക ഫൈബർ വസ്ത്രങ്ങളും ഫർണീച്ചറുകളും മാത്രം ഉപയോഗിക്കുക. ● പ്ലാസ്റ്റിക്ക് പാത്രങ്ങളിൽ (PET) ഭക്ഷണം ചൂടാക്കാതിരിക്കുക. ●പ്ലാസ്റ്റിക്ക് പാത്രങ്ങളിൽ (PET) ചൂടായ ഭക്ഷണം സൂക്ഷിക്കാതിരിക്കുക. ● പുനരുപയോഗിക്കാവുന്ന പ്ലാസ്റ്റിക്കുകൾ പുനരുപയോഗിക്കുക. ● വീണ്ടും നിറച്ചുപയോഗിക്കാനാവുന്ന തരത്തിലുള്ള പ്ലാസ്റ്റിക്ക് പാത്രങ്ങൾ ഉപയോഗിക്കുക. ● കഴിവതും സാധനങ്ങൾ കൂടുതൽ അളവ് ഒരുമിച്ചു വാങ്ങുക. ● കഴിയുന്നിടത്തോളം പാക്കേജിങ്ങ് ഇല്ലാത്ത വസ്തുക്കൾ മാത്രം വാങ്ങുക. ● പാക്കേജിങ്ങ് വസ്തുക്കൾ വാങ്ങുമ്പോൾ പുന:ചക്രമണം ചെയ്യാവുന്നവ മാത്രം വാങ്ങുക. ● ഗ്ലാസ്സ്, ലോഹ പാത്രങ്ങൾ എന്നിവയിൽ വരുന്ന ഭക്ഷണം മാത്രം വാങ്ങുക. ● പടിപടിയായി നിങ്ങളുടെ ജീവിതത്തിൽ നിന്ന് പ്ലാസ്റ്റിക്ക് ഒഴിവാക്കാൻ ശ്രമിക്കുക.

Thanal

**Thanal Conservation Action & Information Network**

P.B.No. 815, Thiruvananthapuram-695 003